(ബി & സി) നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസമേ ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ളൂ. അനുവദിച്ച തുക പൊന്നും വില തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്.

റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച തുക

169 (2269) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006-07, 2007-08, 2008-09, 2009-10, 2010-11 വർഷങ്ങളിൽ കണ്ണൂർ ജില്ലയിൽ റോഡുകളുടെ പുനരുദ്ധാരണത്തിന് സർക്കാർ അനുവദിച്ച തുക എത്രയെന്ന് വർഷം തിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) 2006-2010 വരെ പെരിങ്ങലം നിയോജകമണ്ഡലത്തിലെ ഏതൊക്കെ പൊതുമരാമത്ത് റോഡുകൾക്കാണ് പുനരുദ്ധാരണത്തിന് തുക അനുവദിച്ചതെന്നും റോഡിന്റെ പേരും അനുവദിച്ച തുകയും എത്രയെന്നും വിശദീകരിക്കുമോ ;

(സി) പെരിങ്ങളം മണ്ഡലത്തിൽ പുനരുദ്ധാരണം നടന്ന് വരുന്ന പൊതുമരാമത്ത് റോഡുകൾ ഏതൊക്കെയാണ് ; ഇവയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

(ഡി) പ്രസ്തുത പ്രവൃത്തികൾ ഉടൻ പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിലെ പെരോം-മുന്നാംകുന്ന്-കുണ്ടേരി-പ്രാപ്പൊയിൽ റോഡിന്റെ നിർമ്മാണം

170 (2270) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പെരോം-മുന്നാംകുന്ന്-കുണ്ടേരി-പ്രാപ്പൊയിൽ റോഡിന് എന്നാണ് ഭരണാനുമതി ആദ്യം ലഭിച്ചത് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ വർക്കിന് ആദ്യം എന്നാണ് ടെണ്ടർ വിളിച്ചത് ; ചെയ്ത പ്രവൃത്തിക്ക് ഇയാൾ എത്ര രൂപയുടെ ബിൽ സമർപ്പിച്ചുവെന്നും എത്ര രൂപ നൽകിയെന്നും അറിയിക്കുമോ;

(സി) ഈ പ്രവൃത്തി പിന്നീട് റീ-ടെണ്ടർ ചെയ്തോ ; ചെയ്തുവെങ്കിൽ ആരാണ് ഈ പ്രവൃത്തിക്ക് ടെണ്ടർ സമർപ്പിച്ചത് ; എത്ര രൂപയ്ക്കാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്;

(ഡി) ഈ കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തോ ;

(ഇ) ഈ വർക്കിന്റെ എഗ്രിമെന്റ് വെച്ചോ ; വെച്ചെങ്കിൽ എന്നാണ് എഗ്രിമെന്റ് വെച്ചത് ;

(എഫ്) ഈ പ്രവൃത്തി ആരംഭിക്കാൻ അനിശ്ചിതമായ കാലതാമസം മൂലം നാട്ടുകാർക്ക് ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) പ്രവൃത്തി ഉടനെ ആരംഭിക്കാനും സമയബന്ധിതമായി പൂർത്തിയാക്കാനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 26-2-2005 ലെ സ.ഉ. (സാധ നമ്പർ 215/2005/പൊ.മ.വ. പ്രകാരമാണ് ഭരണാനുമതി നൽകിയത്.

(ബി) 3-3-2006 -ന് ആദ്യം ടെൻഡർ വിളിച്ചു. രാജേഷ് വർക്കി, കരിമ്പനയ്ക്കൽ ഹൗസ്, പ്ലാച്ചിക്കര, പരപ്പ, കാസർഗോഡ് എന്നയാളാണ് 2,29,68,795 രൂപയ്ക്ക് പ്രവൃത്തി ഏറ്റെടുത്തത്. എന്നാൽ റോഡിലുള്ള ഇലക്ട്രിക് പോസ്റ്റുകളും മറ്റും യഥാസമയം നീക്കം ചെയ്യാൻ കഴിയാഞ്ഞതിനാൽ പണി യഥാസമയം പൂർത്തീകരിക്കാൻ കഴിയാതെ വന്ന സാഹചര്യത്തിൽ പ്രസ്തുത കരാറുകാരനെ പ്രവൃത്തിയിൽ നിന്നും ഒഴിവാക്കി.

(സി) 1,42,52,537 രൂപയുടെ ബിൽ സമർപ്പിച്ചു. മുഴുവൻ തുകയും കൊടുത്തിട്ടുണ്ട്.

(ഡി) ഈ പ്രവൃത്തിയുടെ ബാക്കി പണി 17-3-2010-ന് ടെണ്ടർ ചെയ്തു.

(ഇ) രാജേഷ് വർക്കി, കരിമ്പനയ്ക്കൽ ഹൗസ്, പ്ലാച്ചിക്കര, പരപ്പ കാസർഗോഡ് എന്നയാളാണ് 4,26,14,907 രൂപയ്ക്ക് ഏറ്റവും കുറഞ്ഞ ടെൻഡർ സമർപ്പിച്ചത്.

(എഫ്&ജി) ഇല്ല ബാക്കി പ്രവൃത്തിയുടെ ടെണ്ടർ സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly